"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകി പുറപ്പെടുവിച്ച 16.09.2022 ലെ സ.ഉ(എം.എസ്) നം.219/2022/റവ നമ്പർ സർക്കാർ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.64/2024/RD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-
1. സ.ഉ(എം.എസ്) നം.594/2016/റവ, തീയതി 19/12/2016.
2. സ.ഉ(എം.എസ്) നം.219/2022/റവ, തീയതി 16/09/2022.
3. NACIN അഡീഷണൽ ഡയറക്ടറുടെ 25.10.2023 ലെ NACIN/I/(4)/10/2020-ADMN നം കത്ത്.
4. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.01.2024 ൽ ചേർന്ന യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ ഓഫീസ് സമുച്ചയവും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനായി ദേവികുളം താലൂക്കിൽ KDH വില്ലേജിൽ സർവ്വെ നം.63/1-ൽ ഉൾപ്പെട്ട 1.4165 ഹെക്ടർ ഭൂമി ആർ ഒന്നിന് 10 ലക്ഷം രൂപാ നിരക്കിൽ കമ്പോള വില ഈടാക്കിക്കൊണ്ട് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 24-ാം ചട്ട പ്രകാരം സെൻട്രൽ എക്സൈസ് & കസ്റ്റംസിന് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ്, ടി സ്ഥാപനത്തിന് അനുവദിച്ച ഭൂമിയുടെ തെക്ക് ഭാഗത്ത് ഭവനം പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സർവ്വെ നമ്പർ 63/part ൽ പ്പെട്ട സ്ഥലത്തും സർവ്വെ 843 ൽ പ്പെട്ട സ്ഥലത്തും കൂടി 150 മീറ്റർ നീളത്തിൽ 8 മീറ്റർ വീതിയിൽ അംഗനവാടി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ നിർമ്മിക്കുന്നതിനായി ഈ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ചുവടെ പറയുന്ന നിബന്ധനകളോടെ സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. പ്രവേശന റോഡ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കേണ്ടതാണ്.
ii. റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് NACIN വഹിക്കേണ്ടതാണ്.
iii.ഈ പ്രവേശന റോഡ് നിർദ്ദിഷ്ട ഭവനം പദ്ധതിയ്ക്കും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

3. ഇപ്രകാരം പ്രവേശന റോഡിനായി അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം കേരള

സർക്കാരിൽ നിക്ഷിപ്തമായതിനാൽ റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് നേടിയെടുക്കാൻ കഴിഞ്ഞില്ലായെന്നും അതിനാൽ പരാമർശം (2) ഉത്തരവ് പുനഃപരിശോധിച്ച് ഉത്തരവിലെ രണ്ടാമത് വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നും NACIN അഡീഷണൽ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം(4) പ്രകാരം പ്രവേശന പാതയുടെ നിർമ്മാണ ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കുവാനും പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ ഫണ്ട് ലഭ്യമല്ലായെങ്കിൽ, ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിയ്ക്കുവാനും തീരുമാനമായിരുന്നു.

5. മേൽസാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ രണ്ടാമത്തെ നിബന്ധന താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"റോഡ് നിർമ്മാണത്തിനായുള്ള ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്."

6. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
അഡീഷണൽ ഡയറക്ടർ, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ക്യാമ്പസ്, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.2122, തീയതി 13.03.2024)
പൊതുമരാമത്ത് വകുപ്പ്
ധനകാര്യ വകുപ്പ് (EXP-D3/4/2024-FIN Dated 20.01.2024)
കരുതൽ ഫയൽ (എ2/256/2019/റവ)

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date: 15-03-2024 11:01:25
സെക്ഷൻ ഓഫീസർ